പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 255 05-03-12-ൽ മറുപടിക്ക്.

## കള്ളുപരിശോധനയ്ക്കായി നിലവിലുള്ള സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. പി. എ. മാധവൻ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. സി. പി. മുഹമ്മദ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) കള്ളു പരിശോധനയ്ക്കായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്; | (എ) കള്ളുഷാപ്പുകളിൽ വില്പനയ്ക്ക് വെച്ചിരിക്കുന്ന കള്ളിൽ നിന്നും നിയമാനുസരണം സാമ്പിൾ ശേഖരിച്ച് ബന്ധപ്പെട്ട സർക്കാർ ലബോറട്ടറികളിൽ രാസ പരിശോധനയ്ക്കായി അയയ്ക്കുന്നുണ്ട്. പെർമിറ്റ് പ്രകാരം കൊണ്ടുവരുന്ന കള്ളിന്റെ സാമ്പിളുകൾ വാഹനത്തിൽ വച്ചു തന്നെ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുന്നു. കള്ള് ഷാപ്പുകളിൽ നിരന്തരം പരിശോധന നടത്തിയും, മിന്നൽ പരിശോധന നടത്തിയും വില്പനയ്ക്കുള്ള കള്ളിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. |
| (ബി) ഇതിനുവേണ്ടി മൊബൈൽ ലാബുകൾ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(സി) എങ്കിൽ ഇതിനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാം? | (ബി) യും (സി) യും<br><br>25-02-2012 - ലെ G.O.(Rt)No.144/12/TD. പ്രകാരം, പരീക്ഷണാടിസ്ഥാനത്തിൽ ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് തുടങ്ങുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ